## പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം:** പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- ശ്രീ എം സക്കീർ ഹുസ്സൈൻ,ഓഫീസ് അറ്റന്റന്റ്,കോയിപ്രം ഗ്രാമപഞ്ചായത്ത്-സീനിയോറിട്ടി പുനക്രമീകരിച്ച് ഉത്തരവാകുന്നു.

**സൂചന :** 1. സ.ഉ (എം എസ്) 213/2010/ഹോം ,തിയതി - 23.09.2010 ആശ്രിത നിയമന ഉത്തരവ്.
2. ബഹു പഞ്ചായത്ത് ഡയറക്ടറുടെ 06.10.10 ലെ ഇ7-16330/08 നം നിയമന ഉത്തരവ്.
3. ബഹു പഞ്ചായത്ത് ഡയറക്ടറുടെ 14.12.16 ലെ ഇ10-17543/16 നം അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ്.
4. ഈ ആഫീസിലെ 31.12.2016 ലെ ഇ3-07/2016 നം ഉത്തരവ്
5. ഈ ആഫീസിലെ 06.01.2014 ലെ ഇ3-6869/2008 നം ഉത്തരവ് (31.03.2013 വരെയുള്ള ഓഫീസ് അറ്റന്റന്റുമാരുടെ അന്തിമസീനിയോറിട്ടി ലിസ്റ്റ്).
6. ഈ ആഫീസിലെ 03.01.2018 ലെ ഇ3-2229/2008 നം നോട്ടീസ്.

**ഉത്തരവ് നം.ഇ3-2229/17 തീയതി 19.01.2018**

സൂചന (1),(2) ഉത്തരവുകൾ പ്രകാരം കോട്ടയം ജില്ലയിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ എം സക്കീർ ഹുസ്സൈന് സൂചന (3),(4) ഉത്തരവുകൾ പ്രകാരം പത്തനംതിട്ട ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നല്കി നിയമിച്ചിരുന്നു.

ബഹു പഞ്ചായത്ത് ഡയറക്ടറുടെ 06.10.10 ലെ ഉത്തരവ് പ്രകാരം ആശ്രിതനിയമനപ്രകാരം 28.10.2010 ൽ കോട്ടയം ജില്ലയിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ എം സക്കീർ ഹുസ്സൈന് മാതൃജില്ലയായ പത്തനംതിട്ട ജില്ലയിലേക്ക് സീനിയോറിട്ടി നഷ്ടപ്പെടാതെ തന്നെ അന്തർജില്ലാ സ്ഥലംമാറ്റം നൽകണമെന്ന് സൂചന (1),(2),(3) ഉത്തരവുകളിൽ വ്യക്തമായ നിർദ്ദേശം ഉള്ളതിനാൽ സൂചന (5) സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ തൊട്ടു സീനിയറായ ക്രമനമ്പർ 210-വിനീത വി (പി.എസ്.സി ശുപാർശ തീയതി-13.08.2010), ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് -ന് താഴെയായും, 211 - ഷീജ എസ്സ് (പി.എസ്.സി ശുപാർശ തീയതി-10.03.2011) പള്ളിക്കൽ ഗ്രാമപഞ്ചായത്ത്- ന് മുകളിലായും, **"210 എ"** ആയി ടിയാളെ ഉൾപ്പെടുത്തി സീനിയോറിട്ടി ലിസ്റ്റ് പുനക്രമീകരിക്കേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നു. റേഷ്യോ പ്രമോഷൻ, താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുമുള്ള ക്ലറിക്കൽ/ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള പ്രമോഷൻ എന്നിവയ്ക്ക് ടിയാളെ ഉൾപ്പെടുത്തിയുള്ള പുനക്രമീകരിച്ച സീനിയോറിറ്റി ലിസ്റ്റ് ആധാരമാക്കേണ്ടതാണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നു.

മേൽപറഞ്ഞ പ്രകാരം സീനിയോറിറ്റി പുനക്രമീകരിച്ച് നൽകുന്നതിൽ സൂചന(6) മുഖേന ആക്ഷേപം ക്ഷണിച്ചതിൽ നിന്നും നിശ്ചിത സമയപരിധിയിൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ല. ആയതിനാൽ ശ്രീ എം സക്കീർ ഹുസ്സൈനെ സൂചന(5) പ്രകാരമുള്ള ഓഫീസ് അറ്റന്റന്റുമാരുടെ 31.03.2013 വരെയുള്ള അന്തിമസീനിയോറിട്ടി ലിസ്റ്റിൽ ക്രമനമ്പർ **"210 എ"** ആയി ഉൾപ്പെടുത്തി ലിസ്റ്റ് പുനക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

OFFICE OF THE DEPUTY DIRECTOR ... PATHANAMTHITTA

(1/2)

റേഷ്യോ പ്രമോഷൻ തുടങ്ങിയ സർവ്വീസ് ആവശ്യങ്ങൾക്ക് ടിയാളെ ഉൾപ്പെടുത്തിയുള്ള പുനക്രമീകരിച്ച സീനിയോറിറ്റി ലിസ്റ്റ് ആധാരമാക്കേണ്ടതാണ്.

(ഒപ്പ്)
സി പി സുനിൽ
പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (പൂർണ്ണ അധികചുമതല)
പത്തനംതിട്ട

പകർപ്പ് 1. വ്യക്തിക്ക് (കോയിപ്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന )
2. ജില്ലാ ടെക്നിക്കൽ ഓഫീസർ , ഐ കെ എം, പത്തനംതിട്ട ( ഔദ്യോഗികവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ആജ്ഞാനുസരണം/അയയ്ക്കുന്നത്

OFFICE OF THE DEPUTY DIRECTOR OF PANCHAYATS PATHANAMTHITTA

ജൂനിയർ സൂപ്രണ്ട്

(2/2)